"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനായി ദേശീയ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിൽ ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ (ആർ.ഇ) അയി പ്രവർത്തിച്ച് വരുന്ന ശ്രീ ലാസർ.എ-യ്ക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധിക ചുമതല നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.902/2022/LSGD തീയതി,തിരുവനന്തപുരം, 08-04-2022

---

പരാമർശം:-

1. ഗസറ്റ് വിജ്ഞാപനം നം.3116/ലെഗ്.സി3/2021/നിയമം തീയതി 14.11.2021
2. സ.ഉ.(സാധാ) നം.307/2022/ത.സ്വ.ഭ.വ തീയതി 10-02-2022
3. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 22.03.22-ലെ NREGA/239/2021-E3 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടേയും പരിധിയിൽ വരുന്ന തൊഴിലാളികളുടെ ക്ഷേമാനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനു വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിനു ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുമായി പരാമർശം (1) പ്രകാരം കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ആക്ട്-2021, സർക്കാർ വിജ്ഞാപനമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾക്കനുസരണമായി നിയതമായ ചട്ടങ്ങളും ക്ഷേമനിധി പദ്ധതിയും ക്ഷേമനിധി ബോർഡും രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്ഷേമനിധി സംബന്ധിച്ച പ്രവർത്തനങ്ങളുടെ ഏകോപനച്ചുമതല നിർവ്വഹിക്കാൻ ദേശീയ തൊഴിലുറപ്പ് മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണവും തുടർന്നുള്ള പ്രാരംഭ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ സേവനം അനിവാര്യമാണെന്നതിനാൽ നിയമത്തിൽ വ്യവസ്ഥ ചെയ്യും പ്രകാരം ഒരു ഉദ്യോഗസ്ഥനെ എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കാൻ നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം മിഷൻ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയമത്തിൽ വ്യവസ്ഥ ചെയ്യും പ്രകാരം ക്ഷേമനിധി പദ്ധതിയും ക്ഷേമനിധി ബോർഡും രൂപീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനായി ദേശീയ തൊഴിലുറപ്പ് മിഷനിൽ ജോയിന്റ്

ഡവലപ്മെന്റ് കമ്മീഷണർ (ആർ.ഇ) അയി പ്രവർത്തിച്ചു വരുന്ന ശ്രീ ലാസർ.എ-യ്ക്ക്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധിക ചുമതല നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

ശ്രീ ലാസർ.എ, ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ (ആർ.ഇ), ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Nisam N**
**Date: 08-04-2022 12:13:44**

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്